بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# *Khuthba Summary* 09.05.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***09.05.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നമ്മുടെ മോട്ടോ
## ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്

*തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

“എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല.” നമ്മൾ പ്രത്യേകമായ നിലയിൽ അന്യരുടെ മുമ്പിൽ ഈ മുദ്രാവാക്യം സമർപിക്കാറുണ്ട്. അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് അല്ലെങ്കിൽ അതിലെ അംഗങ്ങൾ മറ്റുള്ളവരോട് വെറുപ്പും പകയും വെച്ചു പുലർത്തുന്നു എന്നതിനു മറുപടിയായോ അല്ലെങ്കിൽ അത്തരം തെറ്റായ ധാരണ അകറ്റുന്നതിനായോ ആണ് നാം ഈ മുദ്രാവാക്യം മുഴക്കുന്നത്. അല്ലെങ്കിൽ സ്നേഹം, മൈത്രി, സൽപെരുമാറ്റം മറ്റുള്ളവരുടെ വികാരങ്ങളെ ആദരിക്കൽ തുടങ്ങിയവ ഇസ്‌ലാം പഠിപ്പിക്കുന്നതുകൊണ്ട് അത് അക്രമത്തിന്റേയും കയ്യേറ്റത്തിന്റേയും കാടത്തത്തിന്റേയും മതമാണെന്നുള്ള അമുസ്‌ലീംകളുടെ തെറ്റായ ധാരണ അകറ്റാനാണ് നാം ഈ മുദ്രാവാക്യം വിളിക്കുന്നത്. അല്ലെങ്കിൽ നമ്മൾ പരസ്പരം വെറുപ്പുകളുടെ ഭിത്തികളെ മറിച്ചിട്ട് സ്നേഹത്തോടും ഐക്യത്തോടുംകൂടി വസിക്കുന്നവരാണ്, വസിക്കേണ്ടതുമാണ് എന്ന് പറയാനാണ് നാം ഈ മുദ്രാവാക്യം മുഴക്കുന്നത്.

അതുകൊണ്ട് നാം ഏതെങ്കിലും തരത്തിലുള്ള മാനുഷികമായ സേവനം ചെയ്യുന്നുവെങ്കിൽ, ഇസ്‌ലാമിക പ്രബോധനം ചെയ്യുന്നുവെങ്കിൽ അതും ലോകത്തെങ്ങുമുള്ള എല്ലാ മനുഷ്യരേയും നാം സ്നേഹിക്കുന്നതുകൊണ്ടും എല്ലാവരുടേയും മനസ്സിൽനിന്ന് വെറുപ്പുകളുടെ ബീജം തുടച്ചുനീക്കി സ്നേഹത്തിന്റേയും മൈത്രിയുടേയും ചെടി നടാൻ നമ്മൾ ആഗ്രഹിക്കുന്നതുകൊണ്ടുമാണ്. ഇതെല്ലാം എന്തുകൊണ്ടാണ്? ഇതെല്ലാം നാം ചെയ്യുന്നത് നമ്മുടെ യജമാനരും നേതാവുമായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ) നമ്മെ പഠിപ്പിച്ചതുകൊണ്ടാണ്. ഇതെല്ലാം നാം ചെയ്യുന്നത് നമ്മുടെ യജമാനർ(സ) രാത്രികാലങ്ങളിൽ ലോകരോടുള്ള അനുകമ്പയിലും സ്നേഹത്തിലും അല്ലാഹുവിന്റെ മുമ്പിൽ പിടയ്ക്കുന്നതു കണ്ടതുകൊണ്ടാണ്. എത്രത്തോളം പിടക്കുകയും അസ്വസ്ഥനാകുകയും സുജൂദുകളിൽ നിലവിളിക്കുകയും ചെയ്തതു കണ്ടുവെന്നാൽ, ആ പിടച്ചിലിനെ അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചുകൊണ്ട് വെറുപ്പും പകയും തീണ്ടിയിട്ടില്ലാത്ത ലോകാവസാനം വരെ വരുന്ന ജനങ്ങൾക്ക് തെളിവെന്ന നിലയിൽ സുരക്ഷിതമാക്കി വെച്ചു. വരും തലമുറ നബി(സ) തിരുമേനിക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നതിനുമുമ്പേ ആ പിടച്ചിൽ എന്തിനായിരുന്നുവെന്ന് ചിന്തിക്കുന്നതിനുവേണ്ടിയായിരുന്നു അത്. നബി(സ) തിരുമേനിയുടെ അനുയായികൾ ആ ഉത്തമമാതൃകയിലൂടെ നടക്കാൻ ശ്രമിക്കുന്നവരായി തീരുന്നതിനുവേണ്ടിയായിരുന്നു അത്. അല്ലാഹു പറഞ്ഞു,

فَلَعَلَّكَ بَاخِعٌ نَّفۡسَكَ عَلٰۤى اٰثَارِهِمۡ

اِنۡ لَّمۡ يُؤۡمِنُوۡا بِهٰذَا الۡحَدِيۡثِ اَسَفًا ﴿۷﴾ (18: 7)

അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത കാരണത്താൽ അവരുടെ പിന്നാലെ നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ? അവരെന്തു കാര്യമാണ് വിശ്വസിക്കാതിരുന്നത്? അന്യാരാധന നടത്തരുതെന്ന കാര്യം. ദൈവത്തിന് പുത്രനെ വെക്കരുതെന്ന് പറയുമ്പോൾ അവർ അതിൽ വിശ്വസിക്കുന്നില്ല. ഒരിക്കലും പൊറുക്കുകയില്ല എന്ന് അല്ലാഹു പറഞ്ഞ പാപമാണ് അന്യാരാധന. ഇത് ഓരോ മനുഷ്യനോടുമുള്ള അനുകമ്പയും സ്നേഹവുമാണ്; അന്യാരാധകരോടുപോലും. അവരെ നേരായ പാതയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടി പ്രവർത്തിക്കുന്നതിനോടൊപ്പം അവർക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്യുക. അതുകൊണ്ട് അഹ്മദികൾക്ക് “എല്ലാവരോടും സ്നേഹം” എന്നതിന്റെ ശരിയായ അറിവ് നേടണമെങ്കിൽ നമ്മുടെ യജമാനരും മനുഷ്യോപകാരിയുമായ നബി(സ) തിരുമേനിയിൽനിന്ന് അതിനുള്ള മാർഗം പഠിക്കേണ്ടതുണ്ട്. ഇത് ചെയ്യാൻ കഴിയുന്നത് നമ്മൾ സ്വയം നമ്മുടെ തൗഹീദിന്റെ നിലവാരം അളന്നു നോക്കുമ്പോഴാണ്.

സ്നേഹത്തിന്റേയും അനുകമ്പയുടേയും വികാരങ്ങളുടെ മറ്റൊരു ഉദാഹരണം നമുക്ക് കാണാൻ കഴിയും. ജനങ്ങളിൽനിന്ന് അക്രമവും കയ്യേറ്റവും അതിന്റെ പാരമ്യതയിൽ എത്തിയപ്പോൾ അവരുടെ നാശത്തിനായി പ്രാർഥിച്ചില്ല. മറിച്ച് അല്ലാഹുവേ എന്റെ ജനതയ്ക്ക് നീ സന്മാർഗം നല്കേണമേ എന്നാണ് പ്രാർഥിച്ചത്. ഞാനെന്തൊന്ന് പറയുന്നുവോ അത് ഇവരുടെ ഗുണത്തിനാണെന്ന് ഇവർക്കറിയില്ല. മറ്റു ഗോത്രക്കാർ ബുദ്ധി മുട്ടിക്കുന്ന അവസരത്തിൽ അവർക്കെതിരിൽ ശാപപ്രാർഥന ചെയ്യാൻ പറയുമ്പോൾ അപ്പോഴും അവിടന്ന് കൈകൾ ഉയർത്തി. ജനങ്ങൾ കരുതിയത് ശാപപ്രാർഥന നടത്തിയെന്നും ഗോത്രം നശിച്ചുവെന്നുമാണ്, പക്ഷേ,

നബി(സ)തിരുമേനി പറഞ്ഞു, 'അല്ലാഹുവേ! ദൗസ് ഗോത്രക്കാർക്ക് നീ സന്മാർഗം നല്കിയാലും. അതുകൊണ്ട് സ്നേഹവും അനുകമ്പയും എന്നത് നമ്മുടെ സ്വന്തക്കാരോടുമാത്രമല്ല, പ്രത്യുത മറ്റുള്ളവരോടും അതേ നിലയിൽ തന്നെ സ്നേഹവും അനുകമ്പയും ഉണ്ടാവേണ്ടതാണ്. തൗഹീദിന്റെ സംസ്ഥാപനത്തിനായി ഒരേയൊരു വേദനമാത്രം ഉണ്ടാകുക. അതായത് തൗഹീദ് സ്ഥാപിതമാകുകയും ജനങ്ങൾ നാശത്തിൽ നിന്ന് രക്ഷപ്പെടുകയും വേണം. ഇന്നും ലോകത്ത് ആയിരക്കണക്കിന് ബഹുദൈവാരാധനകൾ വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ബഹുദൈവാരാധന മാത്രമല്ല, ലോകത്തിലെ വലിയൊരു ഭാഗം ദൈവനിഷേധികളായി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കാൻ, തൗഹീദ് ലോകം മുഴുവൻ സ്ഥാപിതമാകാൻ നമ്മളും ഇക്കാര്യം സ്വായത്തമാക്കേണ്ട ആവശ്യമുണ്ട്. ഇതിന്റെ പാഠം നബി(സ)തിരുമേനി തന്റെ മാതൃകയാൽ നമുക്ക് നല്കിയിട്ടുള്ളതാണ്. നമ്മൾ ഒരു മുദ്രാവാക്യം വിളിച്ചു അത് ജനങ്ങൾക്കിഷ്ടപ്പെട്ടു, അതുകൊണ്ട് വിവിധ സ്ഥലങ്ങളിൽ നിന്ന് ഭേഷ് ഭേഷ് എന്ന് പറഞ്ഞ് നമുക്ക് അഭിനന്ദനങ്ങൾ കിട്ടുന്നുണ്ട് എന്നതിൽ മാത്രം നാം സന്തോഷിച്ചിരിക്കാൻ പാടില്ല. നമ്മൾ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്, മനുഷ്യൻ എന്തിനുവേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്, ആ വലിയ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുള്ള ഒരു മാർഗം മാത്രമാണ് ഈ മുദ്രാവാക്യം. മാനുഷികമായ അനുകമ്പയെ മുൻനിറുത്തിയുള്ള നമ്മുടെ പ്രവർത്തനങ്ങളും സ്നേഹത്തിന്റെ പ്രചാരണവും പ്രകടനവും കർമവും വെറുപ്പിൽനിന്നുള്ള അകൽച്ചയും-അകൽച്ച മാത്രമല്ല മറിച്ച് വെറുപ്പിനോട് നമുക്ക് വെറുപ്പുമുണ്ട്- ഇതെല്ലാം അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാനാണ്. അവന്റെ തൗഹീദ് സ്ഥാപിക്കാനാണ്. നമുക്ക് ഒരു വ്യക്തിയോടും വെറുപ്പില്ല. വെറുപ്പുണ്ടെങ്കിൽ തന്നെ അത് ശയ്താന്റെ പ്രവർത്തനത്തോടാണ്. ആ വെറുപ്പ് ഉണ്ടാകേണ്ടതുമാണ്. അതുകൊണ്ട് ജനങ്ങളുടെ ദൃഷ്ടിയിൽ നല്ലവരാകാൻ വേണ്ടി മുദ്രാവാക്യം വിളിക്കരുത്. അത് പ്രകടിപ്പിക്കരുത്. മറിച്ച് നമ്മുടെ ഉദ്ദേശ്യസാഫല്യത്തിനായി മുദ്രാവാക്യം വിളിക്കുക. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനും സൃഷ്ടികളോടുള്ള അനുകമ്പയുടേയും സ്നേഹത്തിന്റേയും അടിസ്ഥാനപരമായ കാര്യങ്ങൾ സ്വായത്തമാക്കുന്നതിനുംവേണ്ടി തിരഞ്ഞെടുത്ത ഭാഗ്യവാന്മാരാണ് നമ്മൾ. ആ മഹാത്മാവ് നമ്മെ അതിനുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിച്ചു. അതിനുള്ള അധ്യാപനം നല്കുകയും ചെയ്തു. ആ മഹാത്മാവ് പറയുന്നു:

"ദീനിന് പരിപൂർണമായ രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക. ഒന്ന് മനുഷ്യകുലത്തെ സ്നേഹിക്കുക. എത്രത്തോളം സ്നേഹിക്കണമെന്നാൽ, അവർക്കുണ്ടാകുന്ന വിഷമതകൾ സ്വന്തം വിഷമതകളായി അനുഭവപ്പെടുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക."

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു, മനുഷ്യസേവനത്തിനായിട്ടുള്ള നമ്മുടെ സ്ഥാപനമാണ് ഹ്യൂമാനിറ്റി ഫേസ്റ്റ്. അതിന്റെ പ്രവർത്തകർക്കും ഒരു പക്ഷേ, സംഘാടകർക്കും ദീനിൽ നിന്ന് തികച്ചും മാറിനിന്ന് പ്രവർത്തിക്കണമെന്ന വിചാരമുണ്ടായിട്ടുള്ളതായി എനിക്കു തോന്നുന്നു. അങ്ങനെ വേറിട്ടുനിന്നുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ നമുക്ക് ലോകത്ത് കൂടുതൽ കീർത്തി ലഭിക്കുമെന്ന് അവർ കരുതുന്നു. കേന്ദ്ര സംഘാടകരായ ഇവിടത്തുകാരോട് ഞാൻ പറഞ്ഞു, ദീനുമായി കൂടിച്ചേർന്നു നില്ക്കുന്നതുകൊണ്ടാണ് നിങ്ങൾക്ക് പ്രസക്തിയുള്ളത്. ജമാഅത്തിന്റെ പേര് എവിടെയെങ്കിലുമൊക്കെ വരുന്നുണ്ട്. എവിടെയെങ്കിലും ആവശ്യത്തിനനുസരിച്ച് ജമാഅത്തിന്റെ പേര് ഉപയോഗിക്കേണ്ടി വന്നാൽ, ഉപയോഗിക്കുന്നതിൽ ഒരു പ്രശ്നവുമില്ല. നമ്മൾ അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ വേണ്ടിയാണ് മനുഷ്യസേവനം നടത്തേണ്ടതെന്ന കാര്യം മുമ്പിലുണ്ടാവണം. ജനങ്ങളോടുള്ള കടമ നിർവേറ്റുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്. അതുകൊണ്ട് നമ്മൾ മനുഷ്യസേവനം ചെയ്യേണ്ടതാണ്. അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ അല്ലാഹുവിനോടുള്ള ബന്ധവും നമ്മുടെ ആരാധനാകർമങ്ങളും കാത്തുസൂക്ഷിക്കേണ്ട ആവശ്യമുണ്ട്. ഇതില്ലാതെ മനുഷ്യസേവനംകൊണ്ട് ഒരു പ്രയോജനവുമില്ല.

അവർക്ക് ഇക്കാര്യം മനസ്സിലായി. പക്ഷേ, ഹ്യൂമാനിറ്റിഫസ്റ്റിന്റെ മറ്റു രാഷ്ട്രങ്ങളിലുള്ള ശാഖകളിലെ പ്രവർത്തകരോടും സംഘാടകരോടും -അവരിലധികവും അഹ്മദികൾ തന്നെയാണ് ഇല്ലാമാശാ അല്ലാഹ്- ഞാൻ പറയാൻ ആഗ്രഹിക്കുന്നു, 'അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ബന്ധം സുദൃഢമാക്കുന്ന നേരത്താണ് നിങ്ങളുടെ പ്രവർത്തനങ്ങളിൽ ബർക്കത്ത് പതിയുന്നത്. നിങ്ങളുടെ പ്രവർത്തനങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുംവിധമുള്ളതാക്കിത്തീർക്കാൻ പരിശ്രമിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങൾ പ്രാർഥന മുഖേന ആരംഭിക്കുക. ഇതില്ലാതെ നമ്മുടെ ബുദ്ധികൊണ്ട് എന്തെന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്താലും അതിലൊന്നും ഒരു അനുഗ്രഹവുമുണ്ടാകുകയില്ല.

എന്തായാലും ഇന്ന് ഞാൻ ഇതിൽ ഉൾപ്പെടുത്തി ഇക്കാര്യം പറഞ്ഞു. കാരണം ഇത് എപ്പോഴെങ്കിലും പറയണമെന്ന് ഞാൻ ആലോചിച്ചിരുന്നതാണ്. ഉൾപ്പെടുത്തിയെന്നോ ബന്ധപ്പെടുത്തിയെന്നോ എങ്ങനെ വേണമെങ്കിലും പറയാവുന്നതാണ്. എന്തായാലും ഇതുസംബന്ധിച്ച് പറയേണ്ടത് നിർബന്ധമാണെന്ന് ഞാൻ മനസ്സിലാക്കി.

ഇനി ഞാൻ പറഞ്ഞു വന്ന "എല്ലാവരോടും സ്നേഹം" എന്ന മുദ്രാവാക്യത്തിലേക്ക് വരികയാണ്. ഞാൻ ഒരു കാര്യം വ്യക്തമാക്കുകയാണ്. സൃഷ്ടിസേവനവും സൃഷ്ടികളോടുള്ള സഹതാപവും സ്നേഹം പ്രചരിപ്പിക്കലും ശത്രുത അവസാനിപ്പിക്കുന്നതിനുള്ള നന്മയും വലിയൊരു നന്മ തന്നെയാണ്. പക്ഷേ, അതിനു ഈ മുദ്രാവാക്യമാണ് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യമെന്ന് കരുതരുത്. നമ്മൾ ഞാൻ ആദ്യമെ പറഞ്ഞതുപോലെ ഇങ്ങനെ ചെയ്താൽ എല്ലാം കിട്ടും എന്ന ചിന്തയുണ്ടായാൽ അത് ശരിയാവുകയില്ല. കാരണം ആ ജീവിതലക്ഷ്യം നേടാനുള്ള ഒരു ഭാഗംമാത്രമാണ് ഈ മുദ്രാവാക്യം. ഏതൊരു ലക്ഷ്യം നേടണമെന്ന് ഉപദേശിക്കാനാണോ നബി(സ)തിരുമേനി ആഗതനായത് ആ ലക്ഷ്യത്തിലേക്ക് ഉയരാനുള്ള ഒരു ചുവടു വെപ്പാണിത്. അത് ജനങ്ങൾ കരസ്ഥമാക്കാനായിട്ടാണ് ഇക്കാലത്ത് നബി(സ)തിരുമേനിയുടെ ശിഷ്യനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു

നിയോഗിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ ഏകത്വത്തിന്റെ ശരിയായ തിരിച്ചറിവുണ്ടാകുക എന്നതാണ് ആ ലക്ഷ്യം. അല്ലാഹു പറഞ്ഞിട്ടുള്ള എല്ലാ കല്പനകളും അനുസരിച്ച് നടക്കാൻ ശ്രമിക്കുക. നബി(സ)തിരുമേനിയുടെ ഉത്തമമാതൃകയെ നമ്മുടെ കാഴ്ചപ്പാടും ലക്ഷ്യവും ആക്കുകയും അത് കരസ്ഥമാക്കുന്നതിനുവേണ്ടി പരമാവധി പ്രയത്നിക്കുകയും ചെയ്യുക. കാരണം ഇതു മുഖേനയാണ് എല്ലാതരം ഉൽകൃഷ്ട സ്വഭാവങ്ങളുടേയും നന്മകളുടേയും ലഭ്യത സാധ്യമാകുന്നത്. പറഞ്ഞു, എന്തായാലും ഏതെങ്കിലും നല്ല മുദ്രാവാക്യം ആരെങ്കിലും തനിക്കുവേണ്ടി നിശ്ചയിക്കുകയാണെങ്കിൽ അത് അവന് നന്മയായിരിക്കും. ചില മുദ്രാവാക്യങ്ങൾക്ക് പരസ്പരം പങ്കാളിത്തം ഉണ്ടാകും. ഉദാഹരണത്തിന് 'അല്ലാഹുവിനെ അനുസരിക്കുക. നന്മകളിൽ അഭിവൃദ്ധിപ്പെടുക.' ഇത് പരസ്പര പൂരിതങ്ങളാണ്. കാരണം അല്ലാഹുവിനെ അനുസരിക്കാതെ നന്മകൾ ലഭിക്കുക എന്നത് അസംഭാവ്യമാണ്. ഇപ്രകാരംതന്നെ മോശക്കാരൻ അല്ലാഹുവിനെ അനുസരിക്കുന്നവനാകുകയില്ല. അതുപോലെതന്നെയുള്ള മറ്റൊരു മുദ്രാവാക്യമാണ് "ഞാൻ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കും. നന്മയിൽ മുൻകടക്കാൻ ശ്രമിക്കും" എന്നുള്ളത്. ഇതു രണ്ടും പരസ്പരം സാദൃശ്യമുള്ളതാണ്. രണ്ടും ഒന്ന് മറ്റൊന്നിന്റെ ഉള്ളിൽ വരുന്നതാണ്. അതുകൊണ്ട് എല്ലാ നന്മകളും നല്ലതാണ്. നാം അത് സ്വായത്തമാക്കാൻ പരിശ്രമിക്കേണ്ടതുമാണ്. പക്ഷേ, മുദ്രാവാക്യത്തെ കുറിച്ച് ചോദ്യമുണ്ടാകുമ്പോൾ ആ ഭാഗത്ത് ശ്രദ്ധ നിലച്ച്, ആ ഭാഗത്ത് തന്റെ ശ്രദ്ധ പരിമിതപ്പെടുത്തി -ചിലയാളുകൾ തികച്ചും പരിമിതപ്പെടുത്തിക്കളയും- തങ്ങളുടെ നന്മകളെ അല്ലെങ്കിൽ അതുതന്നെയാണ് എല്ലാമെല്ലാമെന്ന് മനസ്സിലാക്കിക്കളയുന്നു; നമ്മുടെ ചില യുവാക്കളിലും അല്ലെങ്കിൽ മറ്റു ചിലരിലും തങ്ങളുടെ മതപരമായ അവസ്ഥ അവർ മറന്നു പോയതായി കാണുന്നതുപോലെ. പക്ഷേ, ലോകരെ കാണിക്കുന്നതിനുവേണ്ടി "എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല 'എന്ന മുദ്രാവാക്യം കൂടുതൽ കുടുതൽ വിളിക്കാൻ തുടങ്ങുന്നു. ഇസ്‌ലാമികാധ്യാപനം പ്രചരിപ്പിക്കണമെങ്കിൽ, സദുദ്ദേശ്യമാണെങ്കിൽ ഈ മുദ്രാവാക്യം വളരെ നല്ലതുതന്നെയാണെന്നത് ശരിയാണ്. പക്ഷേ, ഇതുമാത്രമല്ല നമ്മുടെ ലക്ഷ്യം. നമ്മുടെ ലക്ഷ്യം വളരെ വിശാലമാണ്. ഇപ്രകാരം തന്നെ സൃഷ്ടികളോട് സഹതാപം കാണിക്കണമെങ്കിൽ സൃഷ്ടികളോടുള്ള സഹതാപം മാത്രമല്ല കാര്യം. അല്ലാഹുവിന്റെ സ്മരണ മനസ്സിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണെങ്കിൽ അതുകൊണ്ടും ഒരു പ്രയോജനവുമില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയിരിക്കുന്നു: 'ഞാൻ ഈ ലേഖനം വായിച്ചപ്പോൾ എനിക്ക് യഹൂദിയുടെ സംഭവം ഓർമ വന്നു. അയാൾ ഹദ്റത്ത് ഉമറു(റ)മായി സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ പറഞ്ഞു, ഞങ്ങൾക്ക് നിങ്ങളോട് അതായത് മുസ്‌ലീംകളോട് ഒരുപാട് അസൂയ തോന്നുന്നു. ഹദ്റത്ത് ഉമർ(റ)ചോദിച്ചു അതിന് കാരണമെന്താണ്? യഹൂദി പറഞ്ഞു, "ഇസ്‌ലാമിൽ ഒരു പ്രത്യേക ഗുണമുണ്ട്. ഇസ്‌ലാമിക കല്പനകളിലും വിശുദ്ധ ഖുർആനിലും കാണാത്ത ഒരു കാര്യവും ലോകത്തില്ല. വ്യക്തിപരമായ ഇനം മുതൽ അന്തർദേശീയ ഇനം വരെയുള്ള എല്ലാ കല്പനകളും പ്രശ്നങ്ങളും അതിനുള്ള പരിഹാരങ്ങളും അതിലുണ്ട്. ഇക്കാര്യങ്ങളാണ് ഞങ്ങളിൽ അസൂയ ഉണ്ടാക്കുന്നത്."

ഇക്കാര്യത്തെ മുന്നിൽ വെക്കുകയാണെങ്കിൽ ഇസ്‌ലാമിലെ ഏതെങ്കിലുമൊരുകാര്യത്തെ മുദ്രാവാക്യമെന്ന നിലയിൽ തിരഞ്ഞെടുക്കുന്നത് ശരിയല്ലെന്ന് നമ്മളിൽ ഓരോരുത്തർക്കും വ്യക്തമായും മനസ്സിലാകും. "സൽകാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക" (ഫസ്തബിഖുൽ ഖയ്റാത്) എന്നത് നല്ലൊരു മുദ്രാവാക്യമാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ഇപ്രകാരംതന്നെ "ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കും" എന്നതും നല്ലതു തന്നെ. വിശുദ്ധ ഖുർആനും ഇതു പറയുന്നുണ്ട്:

بَلْ تُؤْثِرُوْنَ الْحَيٰوةَ الدُّنْيَا ﴿۱۷﴾ وَالْاٰخِرَةُ خَيْرٌ وَّاَبْقٰى ﴿۱۸﴾ (87:17,18)

അതായത് അജ്ഞരായവർ ദുൻയാവിനെ ദീനിനെക്കാൾ മുന്തിക്കുന്നു. വാസ്തവത്തിൽ പരലോകം അതായത് ദീനീപരമായ ജീവിതത്തിന്റെ ഫലം ദുൻയവിപരമായ ജീവിതത്തെക്കാൾ ഉന്നതവും ഈടുനില്ക്കുന്നതുമാണ്. മിക്ക ജുമുഅകളിലും ഓതുന്ന സൂറത്തിലെ വചനമാണിത്. ഇതിനു പുറമെ ധാരാളം അധ്യാപനങ്ങൾ വിശുദ്ധഖുർആൻ നല്കിയിട്ടുണ്ട്. മുദ്രാവാക്യമാക്കാനും ലക്ഷ്യസ്ഥാനമാക്കാനും പറ്റാത്തതായ ഏത് വചനമാണ് വിശുദ്ധ ഖുർആനിലുള്ളത്. ഏതൊന്നിൽ ദൃഷ്ടി പതിപ്പിച്ചാലും, ഏതൊന്നിൽ ചിന്തിച്ചാലും അത് മനസ്സിനെ അതിലേക്ക് വലിച്ചടുപ്പിക്കുന്നു. ഈ മുഖവുരയ്ക്കു ശേഷം ആ മഹാത്മാവ് പറഞ്ഞു: 'നബി(സ)തിരുമേനിയുടെ നിയോഗത്തിന്റെ ഉദ്ദേശ്യത്തിന്റെ കാലഘട്ടം എന്നു പറയുന്നത് **ളഹറൽ ഫസാദു ഫിൽബർറി വൽബഹ്റി**ന്റെ പ്രതീകമായിരുന്നു. അക്കാലത്ത് ഉണ്ടായിട്ടില്ലാത്ത ഒരു തിന്മയും ഇല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ പ്രതിച്ഛായയാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടവും അക്കാലഘട്ടത്തിന്റെ പ്രതിച്ഛായയാണ്. ഇന്നും എല്ലാതരം തിന്മകളും അതിന്റെ പാരമ്യതയിൽ എത്തിനില്ക്കുന്നതായി നാം കാണുന്നു. അതുകൊണ്ട് ഇന്ന് മതത്തിന്റെ ആവശ്യമുണ്ട്. എല്ലാതരം സൽസ്വഭാവങ്ങളുടേയും ആവശ്യമുണ്ട്. ലോകത്തിലെ എല്ലാ നന്മകളുടേയും അഭിവൃദ്ധിയുടേയും ആവശ്യമുണ്ട്. ജനങ്ങളുടെ ഹൃദയങ്ങളിൽനിന്ന് ഈമാൻ ഉയർന്നു പോയതിനോടൊപ്പം സൽസ്വഭാവങ്ങളും ഉയർന്നുപോയി. യഥാർഥമായ ഭൗതികാഭിവൃദ്ധിയും വിപാടനം ചെയ്യപ്പെട്ടു. കാരണം ഇക്കാലത്ത് ജനങ്ങൾ അഭിവൃദ്ധിയെന്നു പറയുന്നത് ശരീരേച്ഛകളുടെ ഒരു പ്രകടനമാണ്. അത് വ്യക്തിപരമായ നിലയിലാകട്ടെ, അല്ലെങ്കിൽ അന്തർദേശീയപരമായ നിലയിൽ നോക്കുക. കാരണം ഇക്കാലത്ത് തങ്ങളുടെ സ്വാർഥ ലാഭത്തെയാണ് ജനങ്ങൾ പുരോഗതി എന്നു പറയുന്നത്. അതിനെ ലോകരുടെ പുരോഗതി എന്ന് പറയാൻ പറ്റുകയില്ല. കാരണം അതിൽനിന്ന് ഫലമെടുക്കുന്നത് ഒരു വിഭാഗം മാത്രമാണ്. മറ്റുള്ളവരെ അടിമകളാക്കിക്കൊണ്ടുമിരിക്കുന്നു. അത് രാഷ്ട്രീയ അടിമത്തമാകട്ടെ. അല്ലെങ്കിൽ സാമ്പത്തിക അടിമത്തമാകട്ടെ. ഏതെങ്കിലും രൂപത്തിൽ ഒരു വിഭാഗം അടിമകളാക്കപ്പെടുന്നു. അവരെ സംബന്ധിച്ചിടത്തോളം എന്തായാലും ഇത് പുരോഗതിയല്ല. പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നവർക്കും അവ

രുടേതായ നേട്ടങ്ങളുണ്ട്. സ്വാർഥതകളുണ്ട്. അതിന് അവർ പുരോഗതി എന്നു പേരു പറയുകയാണ്.

അതുകൊണ്ട് അത്തരം നേരത്ത്, ഇന്ന വചനത്തെ ലക്ഷ്യ സ്ഥാനമാക്കുക, ഇന്ന വചനം ഉപേക്ഷിക്കുക എന്ന് പറയുന്നത് തെറ്റാണ്. വിശുദ്ധ ഖുർആനിലെ എല്ലാ വചനവും നമ്മുടെ ലക്ഷ്യസ്ഥാനവും യഥാർഥ ഉദ്ദേശ്യവുമാണ്. അങ്ങനെയാണ് ആവേണ്ടതും. നമ്മുടെ മുദ്രാവാക്യം വിശുദ്ധ ഖുർആൻ മുഴുവനുമാണ്. പക്ഷേ, മറ്റേതെങ്കിലും മുദ്രാവാക്യത്തിന്റെ ആവശ്യമുണ്ടെങ്കിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു, 'അതും അല്ലാഹു നബി(സ)തിരുമേനി മുഖേന നിശ്ചയിച്ചിരിക്കുന്നു. അതാണ് "ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്." ഇത് വിശുദ്ധ ഖുർആന്റെ മുഴുവൻ സംഗ്രഹമാണ്. യാഥാർഥ്യവും ഇതുതന്നെയാണ്. എല്ലാ അധ്യാപനങ്ങളും എല്ലാ ഉന്നതമായ ഉദ്ദേശ്യങ്ങളും തൗഹീദുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതുപോലെതന്നെ ജനങ്ങളുടെ പരസ്പരമുള്ള ബന്ധങ്ങളും ജനങ്ങൾക്ക് അല്ലാഹുവുമായുള്ള ബന്ധവും തൗഹീദിന്റെ അകത്ത് വരുന്നതാണ്.

ഇതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ) തിരുമേനിയിൽ വിലയം പ്രാപിച്ച്, ആ മഹാത്മാവിൽ നിന്ന് പ്രകാശം ഉൾക്കൊണ്ട് നമ്മളോടു പറയുകയും നമ്മളിൽ നിന്ന് അന്യാരാധനയെ അകറ്റുകയും ചെയ്ത നിരവധി കാര്യങ്ങളുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ് ഇക്കാലഘട്ടത്തിലെ ജനങ്ങൾക്ക് **ലാ ഇലാഹ ഇല്ലല്ലാ**യുടെ ദിവ്യജ്യോതിസ്സ് കാണിച്ചുകൊടുത്തത്. ഇക്കാര്യം തന്നെയാണ് ഇസ്‌ലാമിന്റെ സാരം. ഇത് സമ്പൂർണനായ ഓരോ ഏകദൈവ വിശ്വാസിയിലും ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. മറ്റുള്ളതെല്ലാം വിശദീകരണങ്ങളാണ്. അത് വിവിധ ആളുകൾക്ക് വിവിധ രൂപങ്ങളിൽ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഏതുപോലെയെന്നാൽ നബി(സ)തിരുമേനി ചിലരോട് ഏറ്റവും വലിയ നന്മ മാതാപിതാക്കളെ സേവിക്കുകയാണെന്ന് പറഞ്ഞു. ചിലരോടു ഏറ്റവും വലിയ നന്മ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദാണെന്ന് പറഞ്ഞു. ചിലരോട് ഏറ്റവും വലിയ നന്മ തഹജ്ജുദ് നമസ്കാരമാണെന്ന് പറഞ്ഞു. ഓരോരുത്തർക്കും അവരുടെ അടിസ്ഥാനപരമായ ബലഹീനത അകറ്റുന്നതിനുവേണ്ടി ഉപദേശിച്ചു. പക്ഷേ, ഇതുകൊണ്ടുള്ള ഉദ്ദേശ്യം മറ്റു നന്മകൾ ചെയ്യേണ്ട ആവശ്യമില്ലെന്നല്ല.

വിശുദ്ധ ഖുർആനിലെ എല്ലാ കല്പനകളും അതാതിന്റെ സ്ഥാനത്ത് വളരെ നല്ലതും ഗുണപ്രദവുമാണെന്ന് ഓർക്കേണ്ടതാണ്. എന്നാൽ, **ലാ ഇലാഹ ഇല്ലല്ലാഹ്** എല്ലാത്തിനേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇതാണ് അസൽ മുദ്രാവാക്യം. ഇതിനെ നമ്മൾ എപ്പോഴും മുമ്പിൽ വെക്കേണ്ട ആവശ്യമുണ്ട്. തൗഹീദിന്റെ യാഥാർഥ്യത്തിലും അതിന്റെ സ്ഥാപനത്തിലും ചിന്തിക്കേണ്ട ആവശ്യമാണുള്ളത്. മനുഷ്യൻ ബിംബാരാധന നടത്താതിരിക്കുക അല്ലെങ്കിൽ അല്ലാഹുവിന്നെതിരിൽ ഏതെങ്കിലും മനുഷ്യൻ എന്നെന്നും ജിവിച്ചിരിക്കുന്നവനായിട്ടില്ല എന്ന് വിശ്വസിക്കുക, അല്ലെങ്കിൽ അല്ലാഹുവിനോട് ആരെയെങ്കിലും പങ്കു ചേർക്കാതിരിക്കുക എന്നതിന്റെ പേര് മാത്രമല്ല തൗഹീദ്. പ്രത്യുത ലോകത്തെ എല്ലാ പ്രവർത്തനങ്ങളുമായും തൗഹീദിനു ബന്ധമുണ്ട്. നബി(സ)തിരുമേനി ഉറങ്ങുന്ന നേരത്തും വുളു ചെയ്യുന്ന നേരത്തും തൗഹീദ് അംഗീകരിച്ച് പറയാറുണ്ടായിരുന്നു. ഏതാകിലുമൊരു മനുഷ്യൻ ഭൗതികമായ ഏതെങ്കിലും കാര്യത്തിൽ വിശ്വാസമർപിക്കുകയോ തിട്ടപ്പെടുത്തുകയോ ചെയ്താൽ ആ മനുഷ്യൻ അന്യാരാധനയുടെ സ്ഥാനത്ത് നിലയുറപ്പിച്ചു. ഏകദൈവ വിശ്വാസിയാണെന്ന അവന്റെ വാദം പൊളിയുകയും ചെയ്തു. കാരണം മനുഷ്യൻ അല്ലാഹുവിന്റെ സത്തയെ മാത്രം ആശ്രയിക്കുകയും വിശ്വാസമർപിക്കുകയും ചെയ്യുക എന്നത് തൗഹീദിന്റെ നിർബന്ധമായ നിബന്ധനയാണ്. തൗഹീദിന്റെ അർഥം തന്നെ ആത്മീയവും ഭൗതികവുമായ ഏതു ജോലിയിലും മനുഷ്യന്റെ ദൃഷ്ടി ഏകദൈവത്തിൽ പതിഞ്ഞിരിക്കണമെന്നതാണ്. എല്ലാ സദ്‌വചനങ്ങളും നല്ലതും ഉത്തമവും ആണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, സമ്പൂർണനായ ഏകദൈവവിശ്വാസിയാകുന്നതിന് മനുഷ്യന്റെ ദൃഷ്ടിയിൽ നിന്ന് എല്ലാ വസ്തുക്കളും അപ്രത്യക്ഷമാകേണ്ടത് നിർബന്ധമാണ്. അല്ലാഹു അല്ലാത്തതെല്ലാം മാഞ്ഞു പോകേണ്ടതാണ്.

യഥാർഥ മുദ്രാവാക്യം **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** ആകുന്നു. ഇതിൽ എല്ലാ നന്മകളും സമ്മേളിക്കുന്നു. തൗഹീദ് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് അകറ്റാനുള്ള പരിഹാരവും നമുക്ക് ഇതുതന്നെയാണ് പറഞ്ഞു തരുന്നത്. ബുദ്ധിമുട്ടുകൾ അകറ്റുന്നതിന് എന്തെങ്കിലും മാതൃകയുണ്ടാവണം. നബി(സ)തിരുമേനിയുടെ ജീവിതം ഉത്തമ മാതൃകയാണ്. അത് ഹദ്റത്ത് ആയിശ(റ)ഒരൊറ്റ വാക്യത്തിൽ ഇങ്ങനെ പ്രകടിപ്പിച്ചു: **'കാന ഖുലുഖുഹുൽ ഖുർആൻ.'** ഈ ഒരൊറ്റ വാക്യത്തിൽ തൗഹീദിന്റെ ഉന്നതമായ നിലയും വിവരിക്കപ്പെട്ടിരിക്കുന്നു. ഖുർആനിക കല്പനകളുടെ പ്രാവർത്തിക മാതൃകയുടെ നിലവാരവും സ്ഥാപിക്കപ്പെട്ടു. കല്പനകളുടെ വിശദീകരണവും മുമ്പിൽ വന്നു. അതുകൊണ്ട് ആരാണോ നബി(സ)തിരുമേനിയെ മനസ്സിലാക്കിയത് അവൻ അല്ലാഹുവിനെ മനസ്സിലാക്കി. ആരാണോ അല്ലാഹുവിനെ മനസ്സിലാക്കിയത് അവൻ എല്ലാം മനസ്സിലാക്കി. കാരണം ശിർക്ക് അഥവാ അന്യാരാധനതന്നെയാണ് എല്ലാ തിന്മകളുടേയും അശ്രദ്ധകളുടേയും പാപങ്ങളുടേയും വേര്. തൗഹീദിൽ നിലനിന്നതിനുശേഷം മനുഷ്യനിൽ ഉന്നതമായ സ്വഭാവങ്ങൾ, അറിവ്, ജ്ഞാനം, സംസ്കാരം, രാഷ്ട്രീയം തുടങ്ങി അതുപോലെ മറ്റുള്ള എല്ലാ വിദ്യകളിലും തികവ് ഉണ്ടാകുന്നു. കാരണം അല്ലാഹുവിന്റെ പ്രകാശം ഒരു ഔഷധമാണ്. അതിൽ എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സയുണ്ട്. അതുകൊണ്ട് നമ്മുടെ മുദ്രാവാക്യം അല്ലാഹു സ്വയം നിശ്ചയിച്ചു തന്നിരിക്കുന്നു.അതാണ് **'ലാ ഇലാഹ ഇല്ലല്ലാഹ്.'** മറ്റുള്ളതെല്ലാം ഉപദേശമെന്ന നിലയിൽ പ്രയോജനപ്പെടുന്ന വിശദീകരണങ്ങളാണ്. ഇക്കാലഘട്ടത്തിൽ ദജ്ജാൽ അതിന്റെ എല്ലാ കഴിവുകളോടുംകൂടി ലോകത്ത് പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. അതിന്റെ ഉദ്ദേശ്യം താൻ ദീനിനെക്കാൾ ദുൻയാവിനെ മുന്തിക്കുമെന്നാണ്. ഈ ദജ്ജാലിന്റെ ഉദ്ദേശ്യം ദീനിനെക്കാൾ ദുൻയാവിനെ മുന്തിക്കണമെന്നതാണ്. അതുകൊണ്ട് അതിനെതിരിൽ ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്ന മുദ്രാവാക്യം വിളിക്കേണ്ടത് നമ്മുടെ നിർബന്ധകടമയാണ്. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)

ബയ്അത്തിന്റെ നിബന്ധനകളിൽ ഈ വാക്യവും ഉൾപ്പെടുത്തിയത്. ഇതിന്റെ ഉദ്ദേശ്യം നാം നമ്മളിൽ ദീനീപരമായ അധ്യാപനങ്ങൾ നടപ്പിൽ വരുത്തുമെന്നാണ്. ഓരോ എതിരാളിയുടേയും ആക്ഷേപങ്ങൾക്കെതിരിൽ ഇസ്‌ലാമിന്റെ മനോഹരമായ മുഖം കാണിക്കുമെന്നാണ്. ഇതെല്ലാം നമ്മൾ ചെയ്യുന്നത് **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്ന മുദ്രാവാക്യം ലോകത്ത് സ്ഥാപിക്കുന്നവരാകാൻ വേണ്ടിയാണ്. നമ്മൾ ഇക്കാലത്ത് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചിട്ടുള്ളത് ഈ ഉദ്ദേശ്യസാഫല്യത്തിനു വേണ്ടിയാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ഇൽഹാമിലൂടെ പറഞ്ഞു, **'ഖുദുത്തൗഹീദുത്തൗഹീദ് യാ അബ്നാഇൽഫാരിസ്'** അതായത് ഫാരിസിന്റെ മക്കളേ! തൗഹീദിനെ മുറുകെ പിടിക്കുക. ഫാരിസിന്റെ മക്കൾകൊണ്ടുള്ള ഉദ്ദേശ്യം ആ മഹാത്മാവിന്റെ മക്കൾ മാത്രമല്ല. പ്രത്യുത ആത്മീയമായ നിലയിൽ ജമാഅത്ത് മുഴുവൻ അബ്നായെ ഫാരിസിന്റെ കീഴിൽ വരുന്നു. ഈ കല്പന മുഴുവൻ ജമാഅത്തിനുംവേണ്ടിയാണ്. വിപത്തുണ്ടാകുമ്പോൾ മനുഷ്യൻ ഏതെങ്കിലും പ്രത്യേക സാധനത്തെ പിടിക്കുന്നുവെന്നത് നിയമമാണ്. പറഞ്ഞു, നിങ്ങൾ വിപത്തുകളുടെ നേരത്ത് തൗഹീദിനെ പിടിച്ചുകൊള്ളുക. അതിനുള്ളിൽ മറ്റുള്ള എല്ലാ കാര്യങ്ങളുമുണ്ട്. അതുകൊണ്ട് നമ്മുടെ ജമാഅത്തിലുള്ളവർ എപ്പോഴും **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന മുദ്രാവാക്യം മുമ്പിൽ വെക്കേണ്ടത് നിർബന്ധമാണ്. ഇന്ന് അന്യാരാധനയോടൊപ്പം നിരീശ്വരത്വവും വേഗം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. നിരീശ്വരത്വവും ഒരു തരം അന്യാരാധനയാണ്. നാം നമ്മെ ഒരു മുദ്രാവാക്യത്തിൽ മാത്രം തളച്ചിട്ട് അത് മതിയായിക്കരുതിയാൽ നമ്മുടെ ദീനും ദുൻയാവും നന്നാക്കുന്നവരായിത്തീരുകയില്ല. മാനവ സേവനത്തിന്റെ ധാരണയിൽ നമ്മുടെ നമസ്കാരങ്ങളേയും ആരാധനാകർമങ്ങളേയും നമുക്ക് ഉപേക്ഷിക്കാൻ പറ്റുകയില്ല. ആരാണോ അങ്ങനെ ചെയ്യുന്നത് അല്ലെങ്കിൽ പറയുന്നത് അയാൾക്ക് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)മായി ഒരു ബന്ധവുമില്ല. അതുകൊണ്ട് ആത്മീയവും ഭൗതികവുമായ എല്ലാ പാരിതോഷികങ്ങളും കരസ്ഥമാക്കുന്നവരായിത്തീരാൻ നമ്മുടെ യഥാർഥമായ നിലപാടിനേയും ഉദ്ദേശ്യത്തേയും എപ്പോഴും മുമ്പിൽവയ്ക്കേണ്ട ആവശ്യമാണുള്ളത്. ഇതിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 09.05.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To